"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വടക്കാഞ്ചേരി ഭവന സമുച്ചയത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി പരിശോധിക്കുന്നതിന് National Institute of Technology( NIT ) - കോഴിക്കോടിന് തുക അനുവദിച്ച ലൈഫ് മിഷൻ സി ഇ ഓ യുടെ നടപടി സാധൂകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1267/2025/LSGD തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:-
1. 02.04.2025 ലെ ഇതേ നമ്പർ സർക്കാർ കത്ത്.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 8.4.2025,05.05.2025 ലെ LM/EW/15/PILOT/THRISSUR/2018-19 നമ്പർ കത്തുകൾ .

**ഉത്തരവ്**

ലൈഫ് മിഷൻ പാർപ്പിട പദ്ധതിയിലെ വടക്കാഞ്ചേരി ഭവന സമുച്ചയത്തിന്റെ സ്ട്രക്ചറൽ സ്റ്റബിലിറ്റി ഉറപ്പാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി പരിശോധിക്കുന്നതിന് National Institute of Technology (NIT) കോഴിക്കോടിനെ പരാമർശം -1 നിർദേശപ്രകാരം ചുമതലപെടുത്തുകയുണ്ടായി.

2. വടക്കാഞ്ചേരി ഭവന സമുച്ചയത്തിന്റെ സ്ട്രക്ചറൽ സ്റ്റബിലിറ്റി പരിശോധിക്കുന്നതിന് NIT കോഴിക്കോട്, ജിഎസ് ടി ഉൾപ്പെടെ 8,37,800/-രൂപ കൺസൽട്ടൻസി ചാർജ്ജിനത്തിൽ എസ്റ്റിമേറ്റ് നൽകുകയും ആയത് അഡ്വാൻസ് പേയ്മെന്റ് നിർദ്ദേശിക്കുകയും ചെയ്തതായും, ജൂണിൽ ഈ വിഷയത്തിൽ ഫയൽ ചെയ്തിട്ടുള്ള കേസിലെ കോടതിയുടെ അടുത്ത ഹിയറിംഗ് തീയതിക്കു മുൻപ് കെട്ടിടത്തിന്റെ ബല പരിശോധനാ റിപ്പോർട്ട് സമർപ്പിക്കേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത്, പദ്ധതിക്കായി തുക വിനിയോഗിക്കേണ്ട 4217-60-051-95 (P) — Urban ശീർഷകത്തിൽ തുക ഇല്ലാത്തതിനാൽ 4515-00-102-49 (P) — Rural ശീർഷകത്തിൽ നിന്ന് ടി തുക NIT കോഴിക്കോട് -ന് നൽകാൻ ലൈഫ് മിഷൻ അനുമതി നൽകിയതായും പ്രസ്തുത തീരുമാനത്തിന് സാധൂകരണം നൽകണമെന്നും പരാമർശം 2 പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഫ്ളാറ്റ് സമുച്ചയത്തിന്റെ ബലപരിശോധന അകാലമായി നീണ്ടു പോകുന്നത് അർഹരായ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യം നൽകുക എന്ന പ്രഖ്യാപിത ലക്ഷ്യത്തെ തകിടം മറിക്കുന്നതിനാലും കെട്ടിടങ്ങൾ കാലങ്ങളോളം ഉപയോഗശൂന്യമായി നിലനിൽക്കുന്നത് അതിന്റെ സുരക്ഷയ്ക്ക്

ഭീഷണി ഉണ്ടാകാൻ കാരണമാകാം എന്നതിനാലും വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് വടക്കാഞ്ചേരി ഭവന സമുച്ചയത്തിന്റെ ബലപരിശോധന സമയബന്ധിതമായി പൂർത്തിയാക്കി പ്രായോഗികമായ റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട് എന്നതിനാൽ സ്ട്രക്ചറൽ സ്റ്റെബിലിറ്റിയുടെ പരിശോധനക്ക് NIT കോഴിക്കോടിന് കൺസൾട്ടൻസി ചാർജ്ജിനത്തിൽ 4515-00-102-49 (P) — Rural ശീർഷകത്തിൽ നിന്ന് 8,37,800/- രൂപ അനുവദിച്ച സി ഇ ഒ ലൈഫ് മിഷന്റെ നടപടി സാധൂകരിച്ച് കൊണ്ടും ബഡ്ജറ്റ് ശീർഷകത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായ ക്രമീകരണം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദേശിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (26.02.2022 ലെ no. 1635746/ഡെവ-3/20-ധന പ്രകാരം)

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 23-05-2025 12:45:46
സെക്ഷൻ ഓഫീസർ